# സെന്റ്.മേരീസ്
# യു.പി.എസ്
# ആര്യങ്കാവ്

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

# സ്കൂൾ ചരിത്രം

സഹ്യപർവ്വത നിരകളുടെ മടിത്തട്ടിൽ സ്ഥിതിചെയ്യുന്ന ആര്യങ്കാവ് എന്ന മലയോര ഗ്രാമത്തിൽ അരനൂറ്റാണ്ടിലേറെ കാലം മുൻപ് സ്ഥാപിതമായതാണ് സെന്റ്. മേരീസ് യു.പി സ്കൂൾ. ഈ ഗ്രാമത്തിൽ 1964 വരെ ഒരു ഗവൺമെന്റ് എൽ.പി സ്കൂൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ സാഹചര്യത്തിൽ ആര്യങ്കാവ് സെന്റ്.മേരീസ് പള്ളി വികാരിയായിരുന്ന റവ.ഫാ. ജേക്കബ് അയിലൂപറമ്പിലച്ചന്റെയും അക്ഷര സ്നേഹികളായ ഒട്ടേറെ നല്ല മനുഷ്യരുടെയും S.H സന്യാസിനി സമൂഹത്തിന്റെയും പരിശ്രമ ഫലമായി 1964 ജൂൺ 1 ന് സെന്റ്. മേരീസ് യു.പി സ്കൂൾ സ്ഥാപിതമായി.

ഈ സ്കൂളിന്റെ ആദ്യ ഹെഡ്മിസ്ട്രസ് ഇൻ-ചാർജ്ജ് ആയി റവ. സി. ആൻസിലിറ്റ് തിരുവാങ്കര ചാർജെടുത്തു. 48 കുട്ടികളോടെ ഏകാധ്യാപക വിദ്യാലയമായി ആരംഭിച്ച് സുവർണ്ണ ജൂബിലിയും വജ്ര ജൂബിലിയും പിന്നിട്ട് കനകപ്രഭ പൊഴിച്ചു നിൽക്കുന്ന ഈ വിദ്യാലയം ആര്യങ്കാവിന്റെ പ്രകാശ

ഗോപുരം തന്നെയാണ്. പിന്നിട്ട വഴിത്താരക-
ളിലേക്കു നോക്കുമ്പോൾ ഇതിന്റെ വളർച്ചയ്ക്കും
ഉയർച്ചയ്ക്കുമായി ജീവനും ജീവിതവും വ്യയം ചെയ്ത
പ്രധമാധ്യാപകരെയും വിദ്യാർഥികൾ നുകർന്ന 5000 ലധി
കുട്ടികളുടെയും നീണ്ട നിര കാണാം.

ഇന്ന് അഭിമാനാർഹമായ നേട്ടങ്ങൾ നിരവധിയെ
ങ്കിലും പിന്നിട്ട വഴികൾ മറക്കാനാവില്ല. യാത്രാ സൗകര്യ
ത്തിന്റെ പരിമിതി, കെട്ടിട നിർമ്മിതിക്കാവശ്യമായ
വസ്തുക്കളുടെ അപര്യാപ്തത, സാമ്പത്തിക പരാധീനത,
വന്യ മൃഗങ്ങളുടെ ആക്രമണ ഭീഷണിയൊക്കെ ഈ
സ്ഥാപനത്തെ മുളയിലേ നുള്ളിക്കളയേണ്ട സാഹചര്യത്തിൽ
വാത്സല്യ നിധിയായ ആർച്ചു ബിഷപ്പ് മാർ. മാത്യു
കാവുകാട്ടിന്റെ ഉദാരമായ സാമ്പത്തിക സഹായകവും
അധ്വാന ശീലരും നല്ലവരുമായ നാട്ടുകാരുടെ
ദീനാധ്വാനവും ഒത്തുചേർന്നപ്പോൾ ഈ വിഘ്നങ്ങ
ളെല്ലാം വഴി മാറി. 1965 ജൂൺ 1-ാം തിയതി
തെൻമല പഞ്ചായത്ത് പ്രസിഡന്റ്. ശ്രീ. എൻ. സി പിള്ള
അവർകൾ ഔദ്യോഗികമായി ഈ കെട്ടിടം ഉദ്ഘാടനം
ചെയ്തു. 1989 ൽ രജത ജൂബിലിയും 2014 ഫെബ്രുവരി
13, 14, 15 തിയതികളിൽ സുവർണ്ണ ജൂബിലിയും

വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. ജൂബിലി സ്മാരകമായി മാനേജ്മെന്റ് നിർമ്മിച്ച പുതിയ മൂന്നു നില കെട്ടിടത്തിന്റെ ശിലാസ്ഥാപനം 09/5/2014 ൽ റവ. സി. റൂവർ ഡോം എസ്. എച്ച് (പ്രൊവിൻഷ്യൽ സുപ്പീരിയർ) നിർവ്വഹിച്ചു. നിർമ്മാണം പൂർത്തിയായ ഈ പുതിയ സ്കൂൾ കെട്ടിടം 2015-16 അധ്യയന വർഷാരംഭം മുതൽ പ്രവർത്തനക്ഷമമാണ്.

# അക്കാദമിക മാസ്റ്റർ പ്ലാൻ
## എന്ത്? എന്തിന്?

2025-26 അധ്യയന വർഷം സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി എന്ന പേരിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന ആശയം മുന്നിൽ കണ്ടുകൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പ് സമഗ്ര ഗുണമേന്മാ വർഷമായി പരിഗണിക്കുന്നു. ഓരോ കുട്ടിയും അതത് ക്ലാസ്സിൽ നേടണമെന്ന് പാഠ്യപദ്ധതി വിഭാവനം ചെയ്ത പഠന ലക്ഷ്യങ്ങൾ ആർജ്ജിച്ച് മുന്നേറുന്നു എന്ന് ഓരോ അധ്യാപകനും ഉറപ്പു വരുത്തണം.

അറിവെന്നാൽ പാഠപുസ്തകത്തിൽ നിന്നു മാത്രം ലഭിക്കുന്ന ഒന്നായി പരിമിതപ്പെടുത്തുവാൻ കഴിയില്ല. പാഠപുസ്തകത്തിലെ വിവരങ്ങൾ കുട്ടിയുടെ ചിന്താമണ്ഡലത്തിൽ വിവേകത്തിന്റെയും ചിന്തയുടെയും സ്ഫുരണങ്ങൾ സൃഷ്ടിക്കണം. ഔചിത്യബോധം, വിവേകം, വകതിരിവ്, കാര്യകാരണ ബന്ധ പരിശോധന, അറിവിന്റെ സാമൂഹിക വിനിയോഗത്തിനുള്ള ശേഷി തുടങ്ങിയവയൊക്കെ ഉണ്ടാകുമ്പോൾ മാത്രമേ ആർജ്ജിക്കുന്ന അറിവ് അർത്ഥപൂർണ്ണമാകൂ.

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ പ്രധാനമായ ലക്ഷ്യം ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മെച്ചപ്പെടുത്തുകയാണ്.

# ക്ലബുകളുടെ വിഭജനം

| | |
|---|---|
| സയൻസ് ക്ലബ് | സി.റാണി എബ്രഹാം |
| സോഷ്യൽ സയൻസ് ക്ലബ് | ശ്രീമതി. ജോൺസി ജോസ് |
| ഗണിത ക്ലബ് | ശ്രീമതി. രമ്യ എം |
| ഇക്കോ ക്ലബ് | ശ്രീമതി. ബീന അലക്സാണ്ടർ |
| ഹെൽത്ത് ക്ലബ് | ശ്രീമതി. ഷിൻസി ബെൻസിഗർ |

# ജൂൺ 2025

| തീയതി | പ്രാധാന്യം/പ്രവർത്തനം | ചുമതല |
|---|---|---|
| ജൂൺ 2 | പ്രവേശനോത്സവം | H.M, അധ്യാപകർ |
| ജൂൺ 5 | ലോക പരിസ്ഥിതി ദിനം | എക്കോ ക്ലബ് |
| ജൂൺ 18 | S.R.G | |
| ജൂൺ 19 | വായനാ ദിനം, വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം, വിദ്യാരംഗം കലാ സാഹിത്യ വേദി ഉദ്ഘാടനം | വിദ്യാരംഗം കലാ സാഹിത്യ വേദി |
| ജൂൺ 26 | അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം | H.M, അധ്യാപകർ |
| ജൂൺ 30 | തിരുഹൃദയ പ്രതിഷ്ഠ | |

ജൂൺ 9 - ക്ലാസ് പി.ടി.എ
ജനറൽ പി.ടി.എ

# ജൂലൈ - 2025

| തീയതി | പ്രാധാന്യം/പ്രവർത്തനം | ചുമതല |
|---|---|---|
| ജൂലൈ 4 | ആദ്യ വെള്ളി, വി.കുർബാന | |
| ജൂലൈ 9 | എസ്.ആർ.ജി | H.M, അധ്യാപകർ |
| ജൂലൈ 5 | ബഷീർ ദിനം | വിദ്യാരംഗം കലാ സാഹിത്യ വേദി |
| ജൂലൈ 21 | ചാന്ദ്ര ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| ജൂലൈ 30 | എസ്. ആർ. ജി | H.M, അധ്യാപകർ |

# ആഗസ്റ്റ് - 2025

| തീയതി | പ്രാധാന്യം/പ്രവർത്തനം | ചുമതല |
|---|---|---|
| ആഗസ്റ്റ് 1 | ആദ്യ വെള്ളി, വികൂർബാന | |
| ആഗസ്റ്റ് 6 | ഹിരോഷിമാ ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| ആഗസ്റ്റ് 7 | സംസ്കൃത ദിനം | ജിന്റു ടീച്ചർ |
| ആഗസ്റ്റ് 9 | ക്വിറ്റ് ഇന്ത്യ ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| ആഗസ്റ്റ് 9 | നാഗസാക്കി ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| ആഗസ്റ്റ് 13 | എസ്. ആർ. ജി | H·M, അധ്യാപകർ |
| ആഗസ്റ്റ് 15 | സ്വാതന്ത്ര്യ ദിനം | H·M, അധ്യാപകർ |
| ആഗസ്റ്റ് 20 | ഒന്നാം പാദ വാർഷിക പരീക്ഷ ആരംഭം | H·M, അധ്യാപകർ |
| ആഗസ്റ്റ് 27 | എസ്. ആർ. ജി | H·M, അധ്യാപകർ |
| ആഗസ്റ്റ് 29 | ഒന്നാം പാദ വാർഷിക പരീക്ഷയ്ക്കു ശേഷം സ്കൂൾ അടയ്ക്കുന്നു. | |

# സെപ്റ്റംബർ - 2025

| തീയതി | പ്രാധാന്യം/പ്രവർത്തനം | ചുമതല |
|---|---|---|
| സെപ്റ്റംബർ 8 | അവധിയ്ക്കു ശേഷം സ്കൂൾ തുറക്കുന്നു | |
| സെപ്റ്റംബർ 10 | എസ്. ആർ. ജി | H.M, അധ്യാപകർ |
| സെപ്റ്റംബർ 14 | ദേശീയ ഹിന്ദി ദിനം | ഹിന്ദി ടീച്ചർ |
| സെപ്റ്റംബർ 16 | ഓസോൺ ദിനം | |
| സെപ്റ്റംബർ 24 | എസ്. ആർ. ജി | H.M, അധ്യാപകർ |

# ഒക്ടോബർ-2025

| തീയതി | പ്രാധാന്യം/പ്രവർത്തനം | ചുമതല |
|---|---|---|
| ഒക്ടോബർ 3 | ആദ്യ വെള്ളി, വി. കുർബാന | |
| ഒക്ടോബർ 10 | ദേശീയ തപാൽ ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| ഒക്ടോബർ 14 | എസ്. ആർ. ജി | H.M, അധ്യാപകർ |
| ഒക്ടോബർ 15 | ലോക കൈകഴുകൽ ദിനം | ഹെൽത്ത് ക്ലബ് |
| ഒക്ടോബർ 29 | എസ്. ആർ. ജി | H.M, അധ്യാപകർ |

# നവംബർ - 2025

| തീയതി | പ്രാധാന്യം/പ്രവർത്തനം | ചുമതല |
|---|---|---|
| നവംബർ 1 | കേരളപ്പിറവി | |
| നവംബർ 7 | ആദ്യ വെള്ളി, വി.കുർബാന<br>സി.വി.രാമൻ ദിനം | |
| നവംബർ 12 | എസ്.ആർ.ജി | H.M, അധ്യാപകർ |
| നവംബർ 10 | അന്താരാഷ്ട്ര ശാസ്ത്ര ദിനം | സയൻസ് ക്ലബ് |
| നവംബർ 14 | ശിശു ദിനം | |
| നവംബർ 16 | ദേശീയ പത്ര ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| നവംബർ 26 | എസ്.ആർ.ജി | |

# ഡിസംബർ - 2025

| തീയതി | പ്രാധാന്യം/പ്രവർത്തനം | ചുമതല |
|---|---|---|
| ഡിസംബർ 1 | ലോക എയ്ഡ്സ് ദിനം | ഹെൽത്ത് ക്ലബ് |
| ഡിസംബർ 5 | ആദ്യവെള്ളി, വി.കുർബാന | |
| ഡിസംബർ 10 | മനുഷ്യാവകാശ ദിനം<br>എസ്. ആർ. ജി | സോഷ്യൽ സയൻസ് ക്ലബ്<br>H.M, അധ്യാപകർ |
| ഡിസംബർ 11 | രണ്ടാം പാദ വാർഷിക പരീക്ഷ ആരംഭം | H.M, അധ്യാപകർ |
| ഡിസംബർ 14 | ദേശീയ ഊർജ്ജ സംരക്ഷണ ദിനം | സയൻസ് ക്ലബ് |
| ഡിസംബർ 19 | ക്രിസ്തുമസ് അവധിക്ക് സ്കൂൾ അടക്കുന്ന ദിവസം | |
| ഡിസംബർ 29 | അവധിക്കു ശേഷം സ്കൂൾ തുറക്കുന്ന ദിവസം | |
| ഡിസംബർ 31 | എസ്. ആർ. ജി | H.M, അധ്യാപകർ |

# ജനുവരി - 2026

| തീയതി | പ്രാധാന്യം/പ്രവർത്തനം | ചുമതല |
|---|---|---|
| ജനുവരി 10 | ലോക ഹിന്ദി ദിനം | ഹിന്ദി ടീച്ചർ |
| ജനുവരി 14 | എസ്. ആർ. ജി | H.M, അധ്യാപകർ |
| ജനുവരി 26 | റിപ്പബ്ലിക് ദിനം | |
| ജനുവരി 28 | എസ്. ആർ. ജി | H.M, അധ്യാപകർ |
| ജനുവരി 29 | ഇന്ത്യൻ പത്ര ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| ജനുവരി 30 | രക്തസാക്ഷി ദിനം | സോഷ്യൽ സയൻസ് ക്ലബ് |

# ഫെബ്രുവരി - 2026

| തീയതി | പ്രാധാന്യം/പ്രവർത്തനം | ചുമതല |
|---|---|---|
| ഫെബ്രുവരി 6 | ആദ്യ വെള്ളി, വി.കുർബാന | |
| ഫെബ്രുവരി 9 | ദേശീയ സെൻസസ് ദിന | സോഷ്യൽ സയൻസ് ക്ലബ് |
| ഫെബ്രുവരി 11 | എസ്.ആർ.ജി | H.M, അധ്യാപകർ |
| ഫെബ്രുവരി 21 | അന്തർദേശീയ മാതൃഭാഷാ ദിന | വിദ്യാരംഗം കലാസാഹിത്യ വേദി |
| ഫെബ്രുവരി 25 | എസ്. ആർ. ജി | H.M, അധ്യാപകർ |
| ഫെബ്രുവരി 28 | ദേശീയ ശാസ്ത്ര ദിനം | സയൻസ് ക്ലബ് |

# മാർച്ച് -2026

| തീയതി | പ്രാധാന്യം/പ്രവർത്തനം | ചുമതല |
|---|---|---|
| മാർച്ച് 6 | ആദ്യ വെള്ളി, വി.കുർബാന | |
| മാർച്ച് 8 | അന്തർ ദേശീയ വനിതാ ദിനം | H.M, അധ്യാപകർ |
| മാർച്ച് 16 | എസ്. ആർ. ജി | H.M, അധ്യാപകർ |
| മാർച്ച് 21 | ലോക വന ദിനം | എക്കോ ക്ലബ് |
| മാർച്ച് 22 | ലോക ജല ദിനം | സയൻസ് ക്ലബ് |
| മാർച്ച് 23 | ലോക കാലാവസ്ഥ ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| മാർച്ച് 31 | മധ്യവേനലവധിക്ക് സ്കൂൾ അടയ്ക്കുന്ന ദിവസം | |

# അക്കാദമിക് മാസ്റ്റർപ്ലാൻ-മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | • അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• വായനകാർഡ് നൽകൽ<br>• വാക്യങ്ങൾ നിർമ്മിക്കൽ<br>ചിത്രം - അടിക്കുറിപ്പ്, കഥ എഴുതൽ, കഥ പൂർത്തിയാക്കൽ<br>• ഭാഷാപരമായ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്. | ജൂൺ-ജൂലൈ | പുസ്തകങ്ങൾ | ഭാഷാധ്യാപകർ |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക. (വായനക്കൂട്ടം) | • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ.<br>• വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ.<br>• പത്രവായന<br>• വായനാനുഭവം പങ്കുവയ്ക്കൽ<br>• വായനാക്കുറിപ്പ് - പതിപ്പ്<br>• വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>• ദിനാചരണങ്ങൾ<br>• വായനാസാമഗ്രികൾ വികസിപ്പിക്കൽ | 6 മാസം | ക്ലാസ് ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലികപ്രസിദ്ധീകരണങ്ങൾ | BRC |

# സംസ്കൃതം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതിക | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം. UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. | 1. ഭാഷാ ജ്ഞാനം<br>• അക്ഷര എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• അക്ഷരമാല കളികൾ<br>• അക്ഷരമരം നിർമ്മിക്കൽ<br>• കാർട്ടൂൺ പ്രദർശനം<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ- ആഗസ്റ്റ് | അക്ഷര ചാർട്ട്, പാഠ. പുസ്തകം, ICT | PTA റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം<br>• ചിത്രങ്ങളുടെ പേര് പറയൽ<br>• ചിത്ര കഥകൾ | | | |

| | | | | |
|---|---|---|---|---|
| | • ലളിത സംഭാഷണങ്ങൾ, നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ-ജൂലൈ | സംസ്കൃത കഥാ പുസ്തകം ICT | നിഷാ ഫ്സ് അധ്യാപിക |
| 2. വീട് ഒരു പഠിക്കുന്ന ശാല. [കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക.] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക. • ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ | സംസ്കൃതം നിഘണ്ടു | |
| 3. മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു. • മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. • ക്വിസ് മത്സരം നടത്തുന്നു. | ജൂൺ-മാർച്ച് | ക്ലാസ് റൂം | നിഷാ ഫ്സ് അധ്യാപിക |
| 4. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ. | • പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായി പഠനോപകരണങ്ങൾ നിർമ്മിക്കുക. • പ്രത്യേകം ക്ലാസുകൾ നൽകുന്നു. • അധ്യാപകരും മാതാപിതാക്കളുമായുള്ള ബന്ധം നിലനിർത്തുന്നു | ജൂൺ-മാർച്ച് | ക്ലാസ് റൂം | നിഷാ ഫ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക<br>(എഴുത്തുകൂട്ടം) | • പുസ്തക ചർച്ച<br>• ആസ്വാദനക്കുറിപ്പ്<br>• ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>• സർഗസൃഷ്ടികളുടെ സമാഹരണം<br>• പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>• വ്യക്തിഗത രചന, സംഘരചന<br>• രചയിതാക്കളെ പരിചയപ്പെടൽ<br>• വായനാക്കുറിപ്പ്<br>• ലൈബ്രറിയുടെ അവതരണം – അസംബ്ലിയിൽ<br>• സ്കൂൾ ലൈബ്രറി നവീകരണം<br>• കഥാപുസ്തകം നൽകൽ.<br>വായന, കുറിപ്പ് തയ്യാറാക്കൽ | 4 മാസം | ലൈബ്രറി<br>പുസ്തകങ്ങൾ | അദ്ധ്യാപകർ<br>രക്ഷിതാക്കൾ<br>പി.ടി.എ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 5, 6, 7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയ വിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN. SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന. ഭാഷാ പോഷിണി പ്രവർത്തനങ്ങൾ, പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. | ജൂൺ രണ്ടാം വാരം | 5,6, 7 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | CWSN, SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തന പാക്കേജ്. | | | | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക. ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക. ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം, എന്നിവയുടെ ദൈനംദിന അവതരണം. | പ്രതിദിനം | 5,6 7 | ഹിന്ദി അധ്യാപകർ | |
| 4 | CWSN, SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പല വർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം. | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6 7 | ഹിന്ദി അധ്യാപകർ | |
| 5 | ഹിന്ദിയിലുള്ള ഡയറി കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6 7 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക. ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 5,6 7 | ഹിന്ദി അധ്യാപകർ | |
| 7. | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5, 6 7 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക. ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക | പ്രതിദിനം | 5,6 7 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം. *ഹിന്ദി ഡോക്യുമെന്ററി സിനിമ കാണാനുള്ള അവസരം *വാർത്തകൾ കാണാനുള്ള അവസരം. | 6 മാസം | 5,6 7 | ഹിന്ദി അധ്യാപകർ, ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |
| 10. | കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തിക്കൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം ഉല്ലാസത്തിലാക്കാനും ഉള്ള പ്രവർത്തന പാക്കേജുകൾ | 6 മാസം | 5,6 7 | ഹിന്ദി അധ്യാപകർ ക്ലാസ്സ് അധ്യാപകർ മറ്റു അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക. ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 5,6 7 | ഹിന്ദി അധ്യാപകർ | |
| 7. | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5, 6 7 | ഹിന്ദി അധ്യാപകർ | |
| 8 | പ്രസാദവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക. ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രേതി ദിനം | 5,6 7 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം.<br>*ഹിന്ദി ഡോക്യുമെന്ററി സിനിമ കാണാനുള്ള അവസരം *വാർത്തകൾ കാണാനുള്ള അവസരം. | 6 മാസം | 5,6 7 | ഹിന്ദി അധ്യാപകർ, ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |
| 10. | കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തിക്കൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തന പാക്കേജുകൾ | 6 മാസം | 5,6 7 | ഹിന്ദി അധ്യാപകർ ക്ലാസ്സ് അധ്യാപകർ മറ്റു അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ- യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| ① അടിസ്ഥാന ഗണിതക്രിയകൾ എല്ലാവർക്കും ഉറപ്പു വരുത്തുന്നു. | ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ-മാസം | ഗണിത-അധ്യാപകർ | ചജ്ജ് ഗണിത അധ്യാപകർ |
| ② ഗണിതം മധുരമാക്കൽ. | ജ്യാമിതി ശില്പശാല<br>ജ്യാമിതിയ രൂപങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് വിവിധ പാറ്റേണുകൾ ഉൾപ്പെടുത്തി Assignment തയ്യാറാക്കൽ.<br>ഗണിത ലാബ് സജ്ജമാക്കൽ. | ജൂലൈ-മാസം | ഗണിത അധ്യാപകർ | ചജ്ജ്-ഗണിത അധ്യാപകർ |
| ③ ഗണിതമേഖലയിൽ കുട്ടികളുടെ താത്പര്യം വർദ്ധിപ്പിക്കൽ, | ഐ.ടി സാധ്യതകളിലൂടെ<br>ജ്യാമിതിയ രൂപങ്ങൾ, ചതുഷ്കോണങ്ങൾ, | ആവശ്യാനു-സരണം | ഗണിത-അധ്യാപകർ | I.T. ലാബ് |

| | | | | |
|---|---|---|---|---|
| | ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | | | |
| (4) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | ഗണിത ക്ലബ്ബ് അംഗങ്ങൾ |
| (5) വിവിധ ശേഷികളുടെ വികസനം. | ദിനാചരണം.<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

St-Mary's UPS. Social Science

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന പര അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കാൻ നേടിയെടുക്കൽ. | അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ദ്വീപുകൾ, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയവ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. | August. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| 2. പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip. ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു. | October. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

Sr. Minimol.M.D

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സഹജീവികളോട് സദ്ഭാവന വളർത്തി എടുക്കാൻ ഏറെ സഹായിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. വിദ്യാലയ ശേഖരത്തിന്റെ ഭാഗമായി സ്വരൂപിച്ച പണം, സാധന സാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസമാകുന്നു. | അക്കാദമിക വർഷം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |

Sh. Minimol. M.D.